സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 270 2025 ഫെബ്രുവരി 22 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇന്ന് മുന്നേറ്റം: സ്വർണവില കൂടി പവന് 64,560 രൂപയായി

കൊച്ചി: സ്വർണവിലയിൽ ഇന്ന് മുന്നേറ്റം. 160 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിന്റെ വില 64,360 രൂപയായി. ഗ്രാമിന് 20 രൂപയാണ് വർധിച്ചത്. 8045 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. വ്യാഴാഴ്ച 280 രൂപ വർധിച്ചതോടെയാണ് 11ന് രേഖപ്പെടുത്തിയ 64,480 എന്ന എക്കാലത്തെയും ഉയർന്ന നിരക്ക് മറികടന്ന് സ്വർണവില പുതിയ ഉയരം കുറിച്ചത്. 64,560 രൂപയായി ഉയർന്നാണ് സ്വർണവില റെക്കോർഡ് ഇട്ടത്.

മത വിദ്വേഷ പരാമർശത്തിൽ പി.സി. ജോർജ് അറസ്റ്റിലേക്ക്

രണ്ടു മണിക്ക് ഹാജരാകണം

ഈരാറ്റുപേട്ട: മത വിദ്വേഷ പരാമർശത്തിൽ ഹൈക്കോടതിയും കൈയൊഴിഞ്ഞതോടെ ബി.ജെ.പി. നേതാവും പൂഞ്ഞാർ മുൻ എം.എൽ.എയുമായ പി.സി. ജോർജിനെ അറസ്റ്റ് ചെയ്യാൻ നീക്കം. രണ്ടു മണിക്ക് ഹാജരാകാൻ ആവശ്യപ്പെട്ട് ഈരാറ്റുപേട്ട പോലീസ് ജോർജിന്റെ വീട്ടിലെത്തി നോട്ടീസ് നൽകി. എന്നാൽ, പി.സി. ജോർജ് വീട്ടിലില്ലായിരുന്നുവെന്നാണ് വിവരം. മകൻ ഷോൺ ജോർജാണ് നോട്ടീസ് കൈപ്പറ്റിയത്.

ചാനൽ ചർച്ചയിൽ മതവിരുദ്ധ പരാമർശം നടത്തിയെന്നാരോപിച്ച് ഈരാറ്റുപേട്ട പോലീസ് രജിസ്റ്റർചെയ്ത കേസിൽ ജോർജിന്റെ മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസം ഹൈക്കോടതി തള്ളിയിരുന്നു. മുപ്പതുവർഷത്തോളം എം.എൽ.എ. ആയിരുന്നിട്ടും എളുപ്പം പ്രകോപനത്തിന് വശംവദനാകുന്ന പി.സി. ജോർജിന് രാഷ്ട്രീയക്കാരനായി തുടരാൻ അർഹതയില്ലെന്ന് ഹൈക്കോടതി ജാമ്യം തള്ളിക്കൊണ്ട് നിരീക്ഷിച്ചിരുന്നു.

മതവിദ്വേഷപരാമർശം ആവർത്തിക്കരുതെന്ന കർശന ഉപാധിയോടെയാണ് സമാനസ്വഭാവമുള്ള മുൻകേസുകളിൽ ജാമ്യം അനുവദിച്ചതെന്നും അത് ലംഘിച്ചതടക്കം കണക്കിലെടുത്താണ് മുൻകൂർജാമ്യം നിഷേധിച്ചതെന്നും കോടതി വ്യക്തമാക്കി. പി.സി. ജോർജ് മുൻപ് നടത്തിയ പ്രകോപനപരമായ പരാമർശങ്ങളും ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാമ്യവ്യവസ്ഥ ലംഘിച്ചിട്ടും ഹർജിക്കാരന് മുൻകൂർജാമ്യം അനുവദിച്ചാൽ സമൂഹത്തിന് തെറ്റായ സന്ദേശമാകുമെന്നും കോടതി പറയുകയുണ്ടായി.

സമുദായ സ്പർധയും വിദ്വേഷവും പടർത്തുന്ന പ്രസംഗം നടത്തിയെന്ന കേസിൽ പി.സി. ജോർജിനെ മുമ്പും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

കമീഷന്റെ മാനദണ്ഡത്തെ വിമർശിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: മെഡിക്കൽ വിദ്യാഭ്യാസത്തിന് യോഗ്യത നേടുന്നതിന് വിദ്യാർഥികളുടെ കൈകൾക്ക് വൈകല്യമുണ്ടാകരുതെന്ന ദേശീയ മെഡിക്കൽ കമീഷന്റെ മാനദണ്ഡത്തെ ശക്തമായി വിമർശിച്ച് സുപ്രീം കോടതി.

ഈ വ്യവസ്ഥ ഭിന്നശേഷിക്കാരുടെ അവകാശത്തിനും ഭരണഘടനയ്ക്കും എതിരാണെന്നും ജസ്റ്റിസ് ബി. ആർ ഗവായ്, ജസ്റ്റിസ് കെ. വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

ശാരീരിക വൈകല്യം മാത്രം കണക്കിലെടുത്ത് ഒരു വിദ്യാർഥിയെ പ്രവേശന പരിധിയിൽ നിന്ന് വിലക്കുന്നത് ഭരണഘടനാ ഉറപ്പുകളുടെയും വികലാംഗരുടെ അവകാശങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര കൺവെൻഷനുകളുടെയും ലംഘനമാണെന്ന് കോടതി വിധിച്ചു. ഭിന്നശേഷിക്കാരനായ വിദ്യാർഥിക്ക് പഞ്ചാബ്-ഹരിയാന ഹൈക്കോടതി എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം നിഷേധിച്ചതിനെതിരെയുള്ള അപ്പീൽ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

പാളത്തിന് കുറുകെവച്ച പോസ്റ്റിൽ ട്രെയിൻ കയറി; ദുരന്തം ഒഴിവായി; അട്ടിമറി സാധ്യതതള്ളാതെ പൊലീസ്

കൊല്ലം: കൊല്ലത്ത് വൻ ട്രെയിൻ ദുരന്തം തലനാരിഴയ്ക്ക് ഒഴിവായി. കുണ്ടറയിൽ റെയിൽപാളത്തിന് കുറുകെ രാത്രി ടെലിഫോൺ പോസ്റ്റുവച്ചു. എഴുകോൺ പൊലീസെത്തി പോസ്റ്റ് എടുത്തുമാറ്റിയിട്ടെങ്കിലും വീണ്ടുംവച്ചു. പോസ്റ്റ് വച്ചവരെ കണ്ടെത്താൻ തിരച്ചിൽ ഊർജിതമാക്കി. പുനലൂർ റെയിൽവേ പോലീസ് സംഭവത്തിൽ അന്വേഷണം ആരംഭിച്ചു. ട്രെയിൻ അട്ടിമറി ശ്രമമാണോ നടന്നതെന്ന് കേന്ദ്രീകരിച്ചാണ് അന്വേഷണം.

ശനിയാഴ്ച പുലർച്ചെ ഒന്നര മണിയോടെയാണ് ഇത്തരത്തിൽ പോസ്റ്റ് റെയിൽപാളത്തിൽ ആദ്യം കണ്ടെത്തുന്നത്. സമീപത്തുള്ള ഒരാൾ അധികൃതരെ വിവരമറിയിക്കുകയായിരുന്നു. തുടർന്ന് ഏഴുകോൺ പോലീസെത്തി ഈ പോസ്റ്റ് മാറ്റിയിട്ടു.

പിന്നീട് മണിക്കൂറുകൾക്ക് ശേഷം റെയിൽവേ പോലീസ് എത്തി പരിശോധന നടത്തിയപ്പോൾ വീണ്ടും പോസ്റ്റ് കണ്ടെത്തുകയായിരുന്നു. ഇതാണ് അട്ടിമറിശ്രമത്തിലേക്കുള്ള സംശയം വർധിപ്പിക്കുന്നത്.

പാലരുവി എക്സ്പ്രസക്കം കടന്നുപോകുന്ന സമയത്താണ് പോസ്റ്റ് കണ്ടെത്തുന്നത്. എന്നാൽ ട്രെയിൻ എത്തുന്നതിന് മുമ്പേ പോസ്റ്റ് മാറ്റാൻ സാധിച്ചിട്ടുണ്ടെന്ന് റെയിൽവേ പോലീസ് വ്യക്തമാക്കി. ഇതിനിടെ സമീപത്തെ ഒരു സിസിടിവി ദൃശ്യം പോലീസിന് ലഭിച്ചിട്ടുണ്ട്. ഈ ദൃശ്യം കേന്ദ്രീകരിച്ചാണ് ഇപ്പോഴത്തെ അന്വേഷണം.

കുപ്പിയും കാശും ജെയ്സണ് നിർബന്ധം; ആർ ടി ഒ കൈക്കൂലി രാജാവ്

കൊച്ചി: കൈക്കൂലി കേസിൽ അറസ്റ്റിലായ എറണാകുളം ആർടിഒ ജെയ്സണെതിരെ കൂടുതൽ അന്വേഷണവുമായി വിജിലൻസ്. ജെയ്സന്റെ സ്വത്ത് വിവരങ്ങൾ തേടി രജിസ്ട്രേഷൻ ഐജിക്ക് വിജിലൻസ് കത്ത് നൽകിയിട്ടുണ്ട്. അഞ്ച് പരാതികളാണ് ഇയാൾക്കെതിരെ വിജിലൻസിന് ഇതുവരെ കിട്ടിയിട്ടുള്ളത്. കൈക്കൂലി സ്വയം വാങ്ങുക മാത്രമല്ല, കീഴുദ്യോഗസ്ഥരെ വാങ്ങാൻ പ്രേരിപ്പിക്കുകയും അതിൽ നിന്ന് പങ്കുപറ്റുകയും ചെയ്തിരുന്നു ഇയാൾ എന്നാണ് വിവരം.

ജെയ്സണെയും കൈക്കൂലി വാങ്ങാൻ ഇയാൾക്ക് ഒത്താശ നൽകുന്ന രണ്ട് ഏജന്റുമാരേയും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. 75 ലക്ഷം രൂപ തട്ടിച്ച കേസിൽ പൊലീസിലും ഇയ്സണെതിരെ പരാതി വന്നിട്ടുണ്ട്. എന്തുചെയ്യണമെങ്കിലും ജയ്സണ് മദ്യവും പണവും വേണം. പരിശോധന നടത്താതിരിക്കാൻ വിജിലൻസിന് കൈക്കൂലി കൊടുക്കാനേന്ന പേരിൽ പോലും പണപ്പിരിവ് നടത്തിയിട്ടുണ്ട്.

ബസ് പെർമിറ്റ് അനുവദിക്കാൻ ഏജന്റുമാരെ വച്ച് ആർടിഒ പണം പിരിച്ചെന്ന റിമാൻഡ് റിപ്പോർട്ട് ഇന്നലെ പുറത്തുവന്നിരുന്നു.

മൂന്നാം പ്രതിയായ രാമപടിയാർ വഴിയാണ് പരാതിക്കാരനോട് കൈക്കൂലി ആവശ്യപ്പെട്ടത്. ജയ്സൺ, രണ്ടാം പ്രതി സജേഷ്, മൂന്നാം പ്രതി രാമപടിയാർ എന്നിവർ പരസ്പരം ബന്ധപ്പെട്ടിരുന്നത് വാട്ട്സാപ്പ് കോളുകൾ വഴിയെന്നും കണ്ടെത്തലുണ്ട്. ഇതിന്റെ തെളിവ് ഇവരുടെ ഫോണിൽ നിന്ന് കിട്ടിയെന്നും വിജിലൻസ് റിപ്പോർട്ടിൽ പറയുന്നു. ജയ്സന്റെ വീട്ടിൽ നിന്ന് 49 കുപ്പി വിദേശ മദ്യമാണ് വിജിലൻസ് സംഘം കണ്ടെടുത്തത്.

ജീപ്പ് കൊക്കയിലേക്ക് മറിഞ്ഞ് അപകടം; മരണം മൂന്നായി, ഗുരുതര പരിക്കേറ്റ ഒരാൾ ചികിത്സയിൽ

ഇടുക്കി: പന്നിയാർകുട്ടിക്ക് സമീപം ജീപ്പ് നിയന്ത്രണം വിട്ട് കൊക്കയിലേക്ക് മറിഞ്ഞ് മൂന്നുപേർ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. മുല്ലക്കാനത്തെ ബന്ധുവീട്ടിൽ പോയി മടങ്ങവെയാണ് അപകടമുണ്ടായത്. പന്നിയാർക്കുട്ടി പള്ളിക്ക് സമീപം റോഡിന് വീതി കുറഞ്ഞ, കുത്തനെ ഇറക്കമുള്ള പ്രദേശത്താണ് അപകടം ഉണ്ടായത്. 100 അടി താഴ്ചയിലേക്കാണ് ജീപ്പ് മറിഞ്ഞത്.

ഇന്നലെ രാത്രി 10.30ഓടെയായിരുന്നു അപകടം. പന്നിയാർകുട്ടി ഇടയോട്ടിയിൽ ബോസ് (55) ഭാര്യ റീന (48) ജീപ്പ് ഓടിച്ചിരുന്ന പന്നിയാർകുട്ടി തട്ടപ്പള്ളിയിൽ അബ്രാഹം (50) എന്നിവരാണ് മരിച്ചത്. പന്നിയാർകുട്ടി പുതിയ പാലത്തിന് സമീപമാണ് ബോസും ഭാര്യയും താമസിച്ചിരുന്നത്. മൂന്നു പേരെയും ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ബോസും റീനയും മരണപ്പെട്ടിരുന്നു. ഗുരുതര പരിക്കേറ്റ അബ്രഹാം ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണപ്പെട്ടത്.

അർജുന അവാർഡ് നേടിയ കായിക താരങ്ങളായ പത്മശ്രീ കെഎം ബീനമോളുടെയും കെഎം ബിനുവിന്റെയും മൂത്ത സഹോദരിയാണ് മരിച്ച റീന.

"കേരളത്തിൽ നിക്ഷേപസംഗമം നടക്കുകയാണെന്ന് അറിഞ്ഞപ്പോൾ പീയൂഷ് ഗോയലിനോട് പ്രധാനമന്ത്രി പറഞ്ഞത്"

കൊച്ചി: കേരളത്തിൽ നിക്ഷേപകർ എത്തണമെങ്കിൽ കൃത്യമായ മാർക്കറ്റിംഗ് ഉണ്ടാകേണ്ടതുണ്ടെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. കേരളം ആതിഥ്യമരുളുന്ന ഇൻവെസ്റ്റ് ഉച്ചകോടിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം പരിപാടികൾക്ക് നേതൃത്വം നൽകുന്നതും, മാർക്കറ്റിംഗ് നേരിട്ട് നടത്തുന്നതും മുഖ്യമന്ത്രിമാരാണെന്നും അദ്ദേഹം വ്യക്തമാക്കി.

"നിക്ഷേപ സംഗമങ്ങൾ പല സംസ്ഥാനങ്ങളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. മദ്ധ്യപ്രദേശിന്റെത് ഉടൻ വരികയാണ്. കഴിഞ്ഞ ദാവോസ് ഇൻവെസ്റ്റ് മീറ്റിൽ കേരളത്തിന്റെത് ഉൾപ്പെടെ മറ്റു പല ഇന്ത്യൻ സംസ്ഥാനങ്ങളുടെയും പവലിയൻ ഉണ്ടായിരുന്നു. അവിടെയെല്ലാം മുഖ്യമന്ത്രിമാർ വന്നാണ് മാർക്കറ്റ് ചെയ്തിരുന്നത്. ചന്ദ്രബാബു നായിഡു, ദേവേന്ദ്ര ഫഡ്നാവിസ് തുടങ്ങിയ മുഖ്യമന്ത്രിമാർ അവരുടെ മന്ത്രിമാരുമായി എത്തി തങ്ങളുടെ സംസ്ഥാനത്തിന്റെ പൊട്ടെൻഷ്യൽ നിക്ഷേപകരുമായി ചർച്ച ചെയ്തു. അതുകൊണ്ട് കേരളത്തെ മാർക്കറ്റ് ചെയ്താൽ മാത്രമേ ലോകത്തെമ്പാടുമുള്ള ആളുകൾ വരികയുള്ളൂ.

ഭരണപക്ഷം ചെയ്യുന്നത് പ്രതിപക്ഷം എതിർക്കുകയും, അവർ അധികാരത്തിൽ വരുമ്പോൾ ഭരണത്തിലുണ്ടായിരുന്നവർ എതിർക്കുകയും ചെയ്യുന്ന പ്രവണതയാണ് നമ്മൾ കണ്ടുകൊണ്ടിരുന്നത്. കേന്ദ്രമന്ത്രി പീയൂഷ് ഗോയലിനോട് പ്രധാനമന്ത്രിയാണ് നിർദേശിച്ചത് ഈ നിക്ഷേപ സംഗമത്തിൽ തീർച്ചയായും പങ്കെടുക്കണമെന്ന്. കാരണം നിക്ഷേപം വരാൻ പോകുന്നത് ഇന്ത്യയിലാണ്. "– യൂസഫലിയുടെ വാക്കുകൾ. ലുലു ഗ്രൂപ്പ് കളമശേരിയിൽ പുതിയ ഭക്ഷ്യ സംസ്കരണ പാർക്കിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

9–ാം ക്ലാസ് വിദ്യാർത്ഥി മരിച്ചനിലയിൽ ദുരൂഹത

തിരു: വെങ്ങാനൂരിൽ വിദ്യാർത്ഥി ദുരൂഹ സാഹചര്യത്തിൽ മരിച്ചനിലയിൽ. ഒമ്പതാം ക്ലാസ് വിദ്യാർത്ഥി അലോക്നാഥിനെയാണ് രാവിലെ കിടപ്പുമുറിയിൽ മരിച്ചനിലയിൽ കണ്ടത്. രാവിലെ ആറുമണിയോടെ അമ്മയും സഹോദരിയുമാണ് കുട്ടിയെ കട്ടിലിൽ അനക്കമറ്റ നിലയിൽ കണ്ടത്. തുടർന്ന് കുട്ടിയെ ഉടൻ തന്നെ വീട്ടുകാർ ആശുപത്രിയിൽ എത്തിച്ചു.

ശരീരത്തിൽ നീലനിറവുമുണ്ടായിരുന്നുവെന്നാണ് വിവരം. കഴുത്തിൽ പാട് കാണുന്നുണ്ടെന്നും അബദ്ധവശാൽ ഷോക്കേറ്റതാകാമെന്നുമാണ് പൊലീസ് പറയുന്നത്. കുട്ടിയുടെ മുറിയിൽ സാധനങ്ങൾ വലിച്ചുവാരിയിട്ട നിലയിലായിരുന്നു. അലോക്നാഥിന്റെ പിതാവ് ഗൾഫിലാണ്. അമ്മയ്ക്കും സഹോദരിക്കുമൊപ്പമാണ് അലോക്നാഥ് താമസിച്ചിരുന്നത്.

ഒരു തരത്തിലുള്ള പ്രശ്നങ്ങളും അലോകിന് ഉണ്ടായിരുന്നില്ലെന്നാണ് ബന്ധുക്കൾ പറയുന്നത്. പോസ്റ്റ്മോർട്ടത്തിന് ശേഷം മാത്രമേ മരണകാരണം വ്യക്തമാകുകയുള്ളു. പോസ്റ്റ്മോർട്ടത്തിനായി മൃതദേഹം മെഡിക്കൽ കോളേജിലേക്ക് മാറ്റി

കേരളത്തിലെ ഒരു റോഡിന്റെ നിർമാണത്തിന് 5000 കോടി

തിരു : വിഴിഞ്ഞം – നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് 5,000 കോടി അനുവദിച്ചിട്ടുണ്ടെന്ന കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുടെ പ്രഖ്യാപനം പദ്ധതിക്ക് പുതുജീവനേകും. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. ഭൂമിയേറ്റെടുക്കൽ വിഭാഗം നഷ്ടപരിഹാര വിതരണത്തിനുള്ള നടപടികൾ ഉടൻ പുനരാരംഭിക്കും.

വിഴിഞ്ഞം– നാവായിക്കുളം വളർച്ചാ ഇടനാഴിയുടെ (ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ) പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിക്കും. ഇതിനായി ലാൻഡ് പൂളിംഗിലൂടെ ഭൂമിയേറ്റെടുക്കും. 63 കിലോമീറ്റർ നീളത്തിലാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. ഇരുവശങ്ങളിലും അഞ്ച് കിലോമീറ്റർ ചുറ്റളവിലെ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ ടൗൺഷിപ്പുകളും ഹബ്ബുകളും ഉയരും. വിഴിഞ്ഞത്ത് ലോജിസ്റ്റിക് ടൗൺഷിപ്പും കോവളത്ത് ഹെൽത്ത് ടൂറിസം ഹബ്ബും കാട്ടാക്കടയിൽ ഗ്രീൻ ആൻഡ് സ്മാർട്ട് ഇൻഡസ്ട്രി ഹബ്ബും കിളിമാനൂരിലും കല്ലമ്പലത്തും അഗ്രോ ആൻഡ് ഫുഡ് പ്രൊസസിംഗ് ഹബ്ബും ഉൾപ്പെടെ 49 വില്ലേജുകളെ അടിമുടി മാറ്റുന്നതാണ് വിഴിഞ്ഞം– നാവായിക്കുളം വളർച്ചാ ഇടനാഴി.

ട്രേഡ് യൂണിയൻ നേതാവ് എം.സുകുമാരൻ പിള്ള അനുസ്മരണ സമ്മേളനം – സാഹിത്യ അക്കാദമി ഹാളിൽ മന്ത്രി കെ. രാജൻ ഉൽഘാടനം ചെയ്യുന്നു

കൃത്യസമയത്ത് ഭക്ഷണം നൽകാത്തതിന്റെ പേരിൽ ഭർത്താവ് ഭാര്യയെ കുത്തിക്കൊന്നു

ചെന്നൈ: കൃത്യസമയത്ത് ഭക്ഷണം നൽകാത്തതിന്റെ പേരിൽ ചെന്നൈയിൽ ഭർത്താവ് ഭാര്യയെ കുത്തിക്കൊന്നു. ചെന്നൈ തിരുമുള്ളൈവോയലിലെ കമലന്നഗറിലെ വിനായകത്തിന്റെ ഭാര്യ ധനലക്ഷ്മി (65) ആണ് കൊല്ലപ്പെട്ടത്. ധനലക്ഷ്മിക്ക് അസുഖമായതിനാൽ ബുധനാഴ്ച കൃത്യസമയത്ത് ഭക്ഷണം നൽകാൻ കഴിഞ്ഞിരുന്നില്ല. ദമ്പതികൾ തമ്മിൽ പലപ്പോഴും വഴക്കുകൾ ഉണ്ടായിരുന്നതായി പൊലീസ് പറഞ്ഞു.

കഴിഞ്ഞദിവസം മക്കൾ ജോലിക്ക് പോയ ശേഷം വിനായകം ഭാര്യയുമായി വഴക്കുണ്ടാക്കുകയും അടുക്കളയിൽ സൂക്ഷിച്ചിരുന്ന കത്തി ഉപയോഗിച്ച് ഭാര്യയെ കുത്തുകയുമായിരുന്നു. തുടർന്ന് കഴുത്ത് മുറിച്ച് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. മക്കൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അമ്മ മരിച്ചുകിടക്കുന്നതു കാണുകയായിരുന്നു.

തുടർന്ന് മകൻ തിരുമുള്ളൈവോയൽ പൊലീസിനെ അറിയിച്ചു. പൊലീസ് ചോദ്യം ചെയ്യലിൽ വിനായകം കുറ്റം സമ്മതിക്കുകയായിരുന്നു.

ധനലക്ഷ്മിയുടെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ഗവൺമെന്റ് കിൽപോക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. വിനായകത്തിനെതിരെ പൊലീസ് കൊലപാതകക്കുറ്റം ചുമത്തി. കൂടുതൽ അന്വേഷണം നടന്നു വരികയാണെന്ന് പൊലീസ് അറിയിച്ചു.

ഉയർന്ന ചൂടും അസ്വസ്ഥതക്കും സാധ്യത

സംസ്ഥാനത്ത് വീണ്ടും ചൂട് കൂടുന്നു. ഇന്ന് ഉയർന്ന താപനില മുന്നറിയിപ്പ് പുറപ്പെടുവിപ്പിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 ഡിഗ്രി സെൽഷ്യസ് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ചൂടും അസ്വസ്ഥതയുമുള്ള അന്തരീക്ഷ സ്ഥിതിക്ക് സാധ്യതയുണ്ട്.

തെരുവ് നായയുടെ കടിയേറ്റു

ഗുരുവായൂർ: ഗുരുവായൂരിൽ ബൈക്ക് യാത്രികന് തെരുവ് നായയുടെ കടിയേറ്റു. ചാവക്കാട് സ്വദേശി ഉണ്ണിയെയാണ് തെരുവ് നായ ആക്രമിച്ചത്.

കുംഭമേളയിൽ പങ്കെടുക്കാൻ പോയ മലയാളിയെ കാണാനില്ലെന്ന് പരാതി

ആലപ്പുഴ: മഹാകുംഭമേളയിൽ പങ്കെടുക്കാൻ പോയ മലയാളിയെ കാണാനില്ലെന്ന് പരാതി. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ കൊഴുവല്ലൂർ സ്വദേശി ജോജു ജോർജിനെയാണ് (42) കാണാതായത്. ഉത്തർപ്രദേശിലെ പ്രയാഗ്രാജിലെ കുംഭമേളയിൽ പങ്കെടുക്കാനായി അയൽവാസിയായ കുടുംബ സുഹൃത്തിനൊപ്പം കഴിഞ്ഞ ഒൻപതിനാണ് ചെങ്ങന്നൂരിൽ നിന്ന് ട്രെയിൻ മാർഗം ജോജു പ്രയാഗ്രാജിലേക്ക് പോയത്.

12–ാം തീയതിയാണ് ജോജു ജോർജ് അവസാനമായി വീട്ടിലേക്ക് വിളിക്കുന്നത്. തന്റെ ഫോൺ തറയിൽ വീണ് പൊട്ടിയെന്നും ഒപ്പമുള്ള സുഹൃത്തിന്റെ ഫോണിൽ നിന്നാണ് വിളിക്കുന്നതെന്നും കുംഭമേളയിലെത്തി നദിയിൽ സ്നാനം ചെയ്തുവെന്നും ജോജു കുടുംബത്തെ അറിയിച്ചു. 14ന് നാട്ടിലെത്തുമെന്നാണ് വിളിച്ചപ്പോൾ പറഞ്ഞത്. ഇതിന് ശേഷം ജോജുവിന്റെ യാതൊരു വിവരവുമില്ലെന്ന് ബന്ധുക്കൾ പറയുന്നു.

ജോജുവിനൊപ്പം പോയ അയൽവാസി 14ന് നാട്ടിലെത്തി. ഇയാളോട് വിവരങ്ങൾ തിരക്കിയെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് കുടുംബം പരാതിയിൽ പറയുന്നു. ഇരുവരും കുംഭമേളയിൽ പങ്കെടുത്ത ദൃശ്യങ്ങൾ നേരത്തെ തന്നെ കുടുംബത്തിന് അയച്ചു നൽകിയിരുന്നു. സംഭവത്തിൽ ചെങ്ങന്നൂർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

തലച്ചോറിന് അണുബാധ, മരണകാരണം ഹൃദയാഘാതം; അതിരപ്പിള്ളിയിലെ കാട്ടുകൊമ്പന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്ത്

കൊച്ചി: കോടനാട്ടെ അഭയാരണ്യത്തിൽ ചരിഞ്ഞ അതിരപ്പിള്ളിയിലെ കാട്ടുകൊമ്പന്റെ പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്ത്. ആനയുടെ തലച്ചോറിന് അണുബാധ ഏറ്റിരുന്നുവെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. കൊമ്പന്റെ മസ്തകത്തിലും തുമ്പിക്കൈയിലും പുഴുവരിച്ചിരുന്നു. മറ്റ് ആന്തരിക അവയവങ്ങൾക്ക് അണുബാധ ഇല്ലെന്നാണ് കണ്ടെത്തൽ. ആനയുടെ മരണകാരണം ഹൃദയാഘാതം തന്നെയാണെന്നും മസ്തകത്തിലേത് മറ്റൊരു ആനയുടെ കൊമ്പ് കുത്തിയതിനെ തുടന്നുണ്ടായ മുറിവാണെന്നുമാണ് നിഗമനം.

മസ്തകത്തിന് പരിക്കേറ്റ് ചികിത്സയിലായിരുന്ന കൊമ്പൻ ഇന്നലെ ഉച്ചയോടെയാണ് ചരിഞ്ഞത്. മസ്തകത്തിലെ മുറിവിൽ നിന്ന് അണുബാധ തുമ്പിക്കൈയിലേക്ക് പടർന്നിരുന്നു. ചികിത്സയ്ക്കിടെ ഉണ്ടായ ഹൃദയാഘാതം മരണത്തിലേക്ക് നയിച്ചെന്നാണ് നിഗമനം. കൂടിനകത്ത് ശാന്തനായി നിലയുറപ്പിച്ച കൊമ്പൻ ആദ്യദിനങ്ങളിൽ ചികിത്സയോട് നല്ലരീതിയിൽ പ്രതികരിച്ചിരുന്നു. പുല്ലും പഴവുമടക്കം കൃത്യമായി കഴിച്ചു. എന്നാൽ ഇന്നലെ രാവിലെ മുതൽ അവശത കൂടി. പിന്നാലെയാണ് ചരിഞ്ഞത്.

തൃശൂരിൽ നിന്നെത്തിയ വെറ്റിനറി ഡോക്ടർമാരടങ്ങിയ സംഘമാണ് പോസ്റ്റ്മോർട്ടം നടപടികൾക്ക് നേതൃത്വം നൽകിയത്. വാഴച്ചാൽ ഡിഎഫ്ഒ ആർ ലക്ഷ്മി, ചീഫ് വെറ്റിനറി സർജൻ അരുൺ സക്കറിയ, കാലടി ആർഎഫ്ഒ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പോസ്റ്റ്മോർട്ടത്തിന് ശേഷം ജഡം ആനയെ പാർപ്പിച്ചിരുന്ന കൂടിന് സമീപം സംസ്കരിച്ചു. ജനുവരി 11നാണ് മുറിവേറ്റ് കാട്ടാനയെ പ്ലാന്റേഷൻ കോർപ്പറേഷൻ കാടുകളിൽ കണ്ടത്. 24ന് ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ മയക്കുവെടിവച്ച് ചികിത്സ നൽകിയെങ്കിലും മുറിവ് ഉണങ്ങിയില്ല. അവശനിലയിലായതോടെയാണ് പിടികൂടി ചികിത്സിക്കാൻ തീരുമാനിച്ചത്.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട MACT മുമ്പാകെ

IA: 4/2024, IA: 3/2024, OP(MV): 248/2019

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, തൃശൂർ
–ഹരജിക്കാരൻ/OP: 248/2019 ൽ
3–ാം എതൃകക്ഷി

Sanju V.K., S/o. Kuttan. Valiyaparambil House, P.O. Padinjare Vemballur, Kodungallur, Thrissur-680671
– എതൃകക്ഷി/ OP: 248/2019 ൽ
1–ാം എതൃകക്ഷി

മേൽ നമ്പറിൽ IA: 3/2024–ാം നമ്പർ ഹരജി കാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിൽ പതിച്ചുനടത്തുവാൻ കല്പിച്ച് ഉത്തരവായി മേൽ നമ്പർ കേസ് കാര്യം **28–04–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ട് ഹാജരായോ അഡ്വക്കെറ്റ് മുഖാന്തിരമോ ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം IA: 3/2024 ഹരജി നിങ്ങളുടെ ഭാഗം വാദം കേൾക്കാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 21–2–2

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വാഹനാപകടം: 7 കോടി 29 ലക്ഷം രൂപ നഷ്ടപരിഹാരം

തൃശൂർ : ബാംഗളൂർ യെലന ഹള്ളിയിൽ നന്തി വുഡ്സ് അപ്പാർട്ടുമെന്റിൽ താമസം മരിച്ച തോമസ് ബി അഗസ്റ്റി മകൻ സുമേഷ് ബി തോമസ് (37 വയസ്സ്) എന്നവർ ഓട്ടോറിക്ഷ മറിഞ്ഞു മരിച്ചതിനു നഷ്ടപരിഹാരം കിട്ടുന്നതിനായി ടിയാന്റെ അവകാശികൾ അഡ്വക്കേറ്റുമാരായ എൻ ബി സുകുമാരൻ, വി കുരിയൻ തോമസ് എന്നവർ മുഖേന തൃശൂർ മോട്ടോർ ആക്സിഡന്റ് സ് ക്ലെയിംസ് ട്രിബുണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൽ 4,15,83,766/ ക. യും ആയതിനു ഹരജി തിയ്യതി മുതൽ 7.5% പലിശയും കോടതി ചിലവുകളും കൂടിയ സംഖ്യയായ 7,29,00,374/ക. യും തുടർന്ന് സംഖ്യ കെട്ടി വെക്കുന്നതു വരെയുള്ള പലിശയും കൊടുക്കാൻ തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബുണൽ മിനിമോൾ ടി കെ വിധി പ്രസ്താവിച്ചു

സുമേഷ് ബി തോമസിന്റെ ഭാര്യ ശീതൾ ജോസ് ആലപ്പാട്ട്, മക്കളായ തോമസ് ബി സുമേഷ്, ജോസഫ് ബി സുമേഷ് എന്നിവർ കൂടി ബോധിപ്പിച്ച കേസിലാണ് ഓട്ടോറിക്ഷയുടെ ഇൻഷുറൻസ് കമ്പനിയായ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയോട് സംഖ്യ കൊടുക്കാൻ വിധിച്ചത്

25-01-2016 തിയ്യതി വൈകീട്ട് 4 മണിക്ക് തൃശൂർ ഇരിഞ്ഞാലക്കുട റോഡിൽ കണിമംഗലം ബസ് സ്റ്റോപ്പിനടുത്തു സുമേഷ് ബി തോമസ് യാത്ര ചെയ്തിരുന്ന ഓട്ടോറിക്ഷ നിയന്ത്രണം വിട്ടു എതി രെ വന്നിരുന്ന കാറിൽ ഇടിച്ചു മറിഞ്ഞാണ് അപകടം ഉണ്ടായത്

അപകട സമയം സുമേഷ് ബി തോമസ് ബാംഗ്ലൂർ Mindtree Ltd എന്ന സ്ഥാപനത്തിൽ Principal Architect & Microsoft CEO ആയി ജോലി നോക്കി വരുകയായിരുന്നു

ഹരജിക്കാർക്കുവേണ്ടി അഡ്വക്കേറ്റുമാരായ എൻ ബി സുകുമാരൻ, വി കുരിയൻ തോമസ് എന്നിവരാണ് ഹാജരായി വാദം നടത്തിയത്

ആശാവർക്കർമാരുടെ സമരം ഉടൻ ചർച്ച ചെയ്ത് പരിഹരിക്കണം: RHIA

തൃശൂർ: ജനസംഖ്യ ആനുപാതികമായി ആരോഗ്യപ്രവർത്തകരേയും ഡോക്ടർമാരേയും നിയമിക്കാതെ മാറി മാറി വന്ന സർക്കാരുകൾ ആരോഗ്യ രംഗത്ത് കൊണ്ടുവന്ന ആശാവർക്കർമാർക്ക് ജീവിക്കാനാവശ്യമായ സാഹചര്യം സൃഷ്ടിക്കേണ്ടത് സംസ്ഥാന സർക്കാരുകളുടെ ചുമതലയാണ്. ജനസംഖ്യ ആനുപാതികമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ജൂനിയർ പബ്ലിക്ക് നഴ്സുമാരുടെയും തസ്തിക സൃഷ്ടിക്കാതെ, സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാതെ നാം 2000 ന് മുമ്പ് നേടിയെടുത്ത ലോകാരോഗ്യസംഘടന ഉൾപ്പെടെ അംഗീകരിച്ച നമ്മുടെ ആരോഗ്യ പുരോഗതി ഒരു വാർഡിൽ ഒരു ആശാപദ്ധതി കൊണ്ടുവന്നത്. എന്നാൽ തുച്ഛമായ വരുമാനത്തിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാരുടെ വേതനം വർദ്ധിപ്പിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണെന്ന് റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടേഴ്സ് അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ടി.എസ്. പവിത്രനും ജനറൽ സെക്രട്ടറി കെ.ബി. പ്രേമരാജനും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

രാഷ്ട്രീയ ഭിക്ഷാദേഹികൾക്കും അവരുടെ ഏറൻമൂളികൾക്കും യാതൊരു വിദ്യാഭ്യാസയോഗ്യതയും നിശ്ചയിക്കാതെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും വാരിക്കോരി നൽകുന്ന സർക്കാരുകൾ സർക്കാർ ജീവനക്കാരോടും പെൻഷൻകാർ, ആശാവർക്കർമാർ, അംഗനവാടി ജീവനക്കാർ മുതലായവരെ കണ്ടില്ല എന്ന് നടിക്കുന്നത് ഏകാധിപതികളുടെ കയ്യിലകപ്പെട്ട മരപ്പാവകളായി മന്ത്രിമാരും ഘടക കക്ഷികളും മാറുന്നുവെന്ന് ജനങ്ങളും ജനാധിപത്യ വിശ്വാസികളും വിശ്വസിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. നൽകുന്ന സേവനത്തിന് ആനുപാതികമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ സർക്കാരിന് ബാദ്ധ്യത ഉണ്ട് എന്ന് RHIA സംസ്ഥാനകമ്മറ്റിക്കുവേണ്ടി അഭിപ്രായപ്പെട്ടു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കേണ്ട സർക്കാർ അവരുടെ പ്രചാരകരായി മാറുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

പുതുക്കാടിന്റെ ഹൃദയഭാഗത്ത് (ഫൊറോന ചർച്ചിന് സമീപം) പുതുക്കാട് ഫൊറോന വികാരി റവ. ഫാ. പോൾ തേയ്ക്കാനത്ത് ഇന്നലെ ആശീർവാദം നിർവ്വഹിച്ച **പ്രാൺസ് ബൊട്ടിക്** എന്ന സ്ഥാപനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ കെ എം ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. പുതുക്കാട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ബാബുരാജ് , 2-ാം വാർഡ് മെമ്പർ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ സെബി കൊടിയൻ, വ്യാപാരി വ്യവസായി ഏകോപന സമിതി പുതുക്കാട് മേഖലാ പ്രസിഡണ്ട് ശ്രീ എൻ ആർ ജോഷി തുടങ്ങിയവർ സമീപം

വിദ്യാർഥികൾ തമ്മിൽ സംഘർഷം

കുന്നംകുളം: കുന്നംകുളം ഗവ.മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർഥികൾ തമ്മിൽ സംഘർഷം. സംഘർഷത്തിൽ പ്ലസ് ടു വിദ്യാർഥിയുടെ ചെവിയുടെ ഒരു ഭാഗം അറ്റു പോയി. കഴിഞ്ഞ 19-ാം തീയതി രാത്രിയാണ് സംഭവം നടന്നത്.

ഗുജറാത്തും മലേഷ്യയും വിജയികൾ

തൃശൂർ: അക്ബർ ട്രാവൽസ് ട്രോഫിക്കും കാഷ് അവാർഡിനും വേണ്ടി തൃശൂർ കോർപ്പറേഷൻ ഗ്രൗണ്ടിൽ നടക്കുന്ന രാജ്യാന്തര വെറ്ററൻസ് ഫുട്ബോൾ ടൂർണമെന്റിലെ വെള്ളിയാഴ്ചയിലെ ആദ്യകളിയിൽ മോർണിംഗ് സ്റ്റാർ ചാലക്കുടിയെ മറുപടിയില്ലാത്ത 4 ഗോളുകൾക്ക് പരാജയപ്പെടുത്തി മലേഷ്യ എഫ് .സി വിജയിച്ചു

രണ്ടാം കളിയിൽ മാസ്റ്റേഴ്സ് കൊച്ചിയെ 4-1 ന് പരാജയപ്പെടുത്തി ഗുജറാത്ത് ജി.വി.എഫ്.എ. വിജയിച്ചു ശനിയാഴ്ച 5.30 നും , 6.30 നും ,7.30 നും മൂന്നു കളികൾ നടക്കും. ഞായറാഴ്ചയാണ് ഫൈനൽ .

ആന ഇടയുന്ന ദാരുണ സംഭവങ്ങൾക്ക് അറുതി വരുത്താൻ ക്ഷേത്രങ്ങളിൽ റോബോട്ടിക് ആനയെ അവതരിപ്പിക്കാനൊരുങ്ങി വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സ്

തൃശൂർ: മനുഷ്യനും ആനയും തമ്മിലുള്ള സംഘട്ടനം കൂടി വരികയും നാട്ടാനകളുമായി ബന്ധപ്പെട്ട ദാരുണ സംഭവങ്ങൾ വർദ്ധിക്കുകയുംചെയ്യുന്ന സാഹചര്യത്തിൽ വിപ്ലവകരമായ മാറ്റത്തിന് ചുവട് വച്ച് വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സ് (വിഎഫ്എഇ). വംശനാശ ഭീഷണി നേരിടുന്ന ഏഷ്യൻആനകളുടെ സംരക്ഷണത്തിനായി അവയെ പിടികൂടുന്നത് അവസാനിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന സംഘടന, തൃശൂർ മാളക്കടുത്തുള്ള ചക്കാംപറമ്പ്ശ്രീഭഗവതി ക്ഷേത്രത്തിൽ ജീവനുള്ള ആനയുടെ അതേ വലുപ്പത്തിലുള്ള ശിവശക്തി എന്ന റോബോട്ടിക് ആനയെ അവതരിപ്പിക്കാനൊരുങ്ങുന്നു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതോടൊപ്പം ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കുകയാണ് ലക്ഷ്യം. കേരള-തമിഴ്നാട്അതിർത്തിയിലുള്ള മലയാളി ക്ഷേത്രമായ ശ്രീശങ്കരൻ കോവിലിൽ തമിഴ്നാട്ടിലെ ആദ്യത്തെ റോബോട്ടിക് ആനയെ അവതരിപ്പിച്ച് വിജയിച്ചതിനെ തുടർന്നാണ്വി എഫ്എഇ മാളയിലും റോബോട്ടിക് ആനയെ പുറത്തിറക്കാനൊരുങ്ങുന്നത്.

"ആനകൾ കുടുംബസമേതം കാട്ടിൽ ജീവിക്കുന്ന സാമൂഹിക ജീവികളാണെന്ന് ശാസ്ത്രം പറയുന്നു. അവയെ ചങ്ങലയിൽ തളച്ചിട്ട് ക്രൂരമായപീഡനങ്ങളേ കരുത്. അഹിംസ എന്ന നമ്മുടെ സംസ്കാരം മുറുകെപ്പിടിക്കാനും ആനകളോടുള്ള ക്രൂരത അവസാനിപ്പിക്കാനും റോബോട്ടിക് ആനകൾ മികച്ചബദലാണ്' വോയ്സസ് ഫോർ ഏഷ്യൻ എലിഫന്റ്സിന്റെ സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടറും ഐക്യരാഷ്ട്ര സംഘടനയുടെ നാമനിർദേശപ്പട്ടികയിൽഇടംപിടിക്കുകയും ചെയ്ത, ആനകളുടെ ക്രൂരമായ ചൂഷണം തുറന്നുകാട്ടുന്ന ഗോഡ്സ് ഇൻ ഷാക്കിൾസ് എന്ന ഡോക്യുമെന്ററിയുടെ സംവിധായകയുംനിർമ്മാതാവുമായ സംഗീത അയ്യർ പറഞ്ഞു.

"യഥാർത്ഥ ആനകളെ കഷ്ടപ്പെടുത്താതെ, പാരമ്പര്യം കാത്തുസൂക്ഷിക്കാൻ റോബോട്ടിക് ആനകൾക്ക് കഴിയും. ജീവനുള്ള ആനകൾ സുരക്ഷാ അപകടങ്ങൾഗുരുതരമാണെന്ന് കൂടുതൽ ക്ഷേത്രങ്ങൾ മനസ്സിലാക്കി വരുന്നുണ്ട്. ശിവശക്തിയെ തന്നതിന് വോയ്സ് ഫോർ ഏഷ്യൻ എലിഫന്റ്സിനോട് നന്ദി പറയുന്നു. ഭാവിയിൽ സ്വന്തം റോബോട്ടിക് ആനയെ കൊണ്ടുവരാനും ഞങ്ങൾക്ക് ആഗ്രഹമുണ്ട്." ക്ഷേത്രത്തിന്റെ പബ്ലിക് ട്രസ്റ്റായ വിജ്ഞാനദായിനി സഭാ പ്രസിഡന്റ് സി.ഡി ശ്രീനാഥ് പറഞ്ഞു.

ഈ വർഷം രണ്ട് മാസത്തിനുള്ളിൽ തന്നെ ആന ഇടഞ്ഞുണ്ടായ ദാരുണ സംഭവങ്ങളിൽ ആറ് പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഏറ്റവുമൊടുവിൽ ഫെബ്രുവരി 13ന്കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ ക്ഷേത്രോത്സവത്തിനിടെ പരിഭ്രാന്തരായ രണ്ട് ആനകൾ പരസ്പരം പോരടിച്ചതിനെ തുടർന്നുണ്ടായ അപകടത്തിൽ 3 പേർക്ക് ജീവൻ നഷ്ടമാകുകയും അമ്പതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഈ മാസത്തിന്റെ തുടക്കത്തിൽ തൃശൂർ എളവള്ളി ഉത്സവത്തിനിടെഇടഞ്ഞ ആന അതിന്റെ പാപ്പാനെ അടക്കം രണ്ടുപേരെ കുത്തുകയും പാപ്പാൻ മരണപ്പെടുകയും ചെയ്തു . 14 കിലോമീറ്ററോളം ഓടിയ ആനയെ പിന്നീട് തളച്ചു.

ജീവൻ നഷ്ടപ്പെട്ട ആനകളുടെ കണക്കും ഞെട്ടിക്കുന്നതാണ്. 2024-ൽ ബന്ദികളാക്കപ്പെട്ട 24 ആനകളാണ് കേരളത്തിൽ ചരിഞ്ഞത്. കഴിഞ്ഞ 6 വർഷത്തിനിടെ 154 ആനകളാണ് കേരളത്തിൽ ചരിഞ്ഞത്. ബന്ദികളാക്കിയ ആനകൾ സൃഷ്ടിക്കുന്ന വലിയ ദുരിതങ്ങളും സുരക്ഷാ അപകടങ്ങളുംഎടുത്തുകാണിക്കുന്നവയാണ് ഈ സംഭവങ്ങൾ.

ക്ഷേത്ര പാരമ്പര്യങ്ങൾക്കപ്പുറം, കാട്ടാനകളുടെ സംരക്ഷണത്തിലും വിഎഫ്എഇ വ്യക്തമായ സ്വാധീനം ചെലുത്തുന്നു. തെക്കൻ നിലമ്പൂരിലെ ഏകദേശം 340 കാട്ടാനകൾക്ക് സ്വൈര്യമായി വിഹരിക്കാൻ സംഘടന അടുത്തിടെ 4.00 ഏക്കർ സ്വകാര്യ തോട്ടം കേരള വനം വകുപ്പിന് സംഭാവന നൽകിയിരുന്നു. എ ഐഅടിസ്ഥാനമാക്കിയുള്ള എലിസെൻസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ 2023 ജനുവരിക്കും 2024 നവംബറിനുമിടയിൽ പശ്ചിമബംഗാളിൽ 1,139 ആനകളെ ട്രെയിൻ അപകടങ്ങളിൽ നിന്ന് രക്ഷിക്കുവാനും സംഘടനയ്ക്ക് സാധിച്ചു. ഒഡീഷയിലെ പല്ലഹര, ബാലസോർ റേഞ്ചുകളിലായി 50,300 ആനസൗഹൃദ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. 200 ഓളം ആദിവാസികൾക്ക് ജോലി നൽകി. ആനക്കൂട്ടങ്ങൾക്കായി എട്ട് വലിയ ജലാശയങ്ങളും നിർമ്മിച്ചു.

മുനയം റെഗുലേറ്റർ കം ബ്രിഡ്ജ് ഉടൻ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് കേരള കോൺഗ്രസ്സ് ധർണ്ണ

ഇരിങ്ങാലക്കുട : മുനയം റെഗുലേറ്റർ കം ബ്രിഡ്ജ് ഉടൻ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് കേരള കോൺഗ്രസ്സ് കാട്ടൂർ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 23 ന് മാർച്ചും ധർണ്ണയും നടത്തുന്നു. വൈകീട്ട് 4 ന് കാട്ടൂർ സെന്ററിൽ നടത്തുന്ന ധർണ്ണ മുൻ സർക്കാർ ചീഫ് വിപ്പ് അഡ്വ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്യുമെന്ന് കേരള കോൺഗ്രസ്സ് നിയോജക മണ്ഡലം വൈസ് -പ്രസിഡന്റ് കെ സതീഷ്, മണ്ഡലം പ്രസിഡന്റ് അഷറഫ് പാലിയത്താഴത്ത് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. യുഡിഎഫ് സർക്കാരിന്റെ കാലത്ത് 2015 ൽ 34 കോടി രൂപ പദ്ധതിക്കായി അനുവദിക്കുകയും കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതാണെന്നും എന്നാൽ പാലത്തിന്റെ നിർമ്മാണം ഇത് വരെ ആരംഭിച്ചിട്ടില്ല. ഇത്തവണത്തെ ബഡ്ജറ്റിൽ ടോക്കൺ തുക വച്ച് ജനങ്ങളെ വഞ്ചിക്കുകയാണെന്ന് ഇവർ കുറ്റപ്പെടുത്തി. ഭാരവാഹികളായ അശോകൻ പിഷാരടി, വേണുഗോപാൽ മേനോൻ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

സുവോളജിക്കൽ പാർക്കിൽ വിവിധ തസ്തികകളിൽ നിയമനം

തൃശ്ശൂർ: പുത്തൂരിൽ പണി പൂർത്തിയായി വരുന്ന അന്തർദേശീയ നിലവാരത്തിലുള്ള സുവോളജിക്കൽ പാർക്കിലേക്ക് വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. വിശദവിവരവും അപേക്ഷ ഫോറവും കേരള വനം വകുപ്പിന്റെ www.forest.kerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർച്ച് 7 വരെ അപേക്ഷകൾ സ്വീകരിക്കും.

പ്രതിഷേധ മാർച്ചും ധർണയും സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട : എൻഐഇടത് പക്ഷ സർക്കാർ നടത്തുന്ന നികുതി ക്കൊള്ള അവസാനിപ്പിക്കുക, കുട്ടിയ ഭൂ നികുതികൾ എല്ലാം കുറക്കുക, ഇലക്ട്രിക് കാറുകൾക്ക് കുട്ടിയ നികുതി ഇല്ലാതാക്കുക, എന്ന് ആവശ്യപ്പെട്ട് കൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇരിഞ്ഞാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇരിഞ്ഞാലക്കുട വില്ലേജ് ഓഫീസിലേക്ക് പ്രതിഷേധ മാർച്ചും ധർണയും സംഘടിപ്പിച്ചു 2025 ഫെബ്രുവരി 19 ബുധനാഴ്ച രാവിലെ 10. 30ന് രാജീവ്ഗാന്ധി മന്ദിരത്തിൽ നിന്നും പ്രതിഷേധ മാർച്ച് ആരംഭിച്ചു ഇരിഞ്ഞാലക്കുട വില്ലേജ് ഓഫീസിന് മുൻപിൽ ധർണ നടത്തി

ഇരിഞ്ഞാലക്കുട കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അബ്ദുൾ ഹഖ് മാസ്റ്റർ അധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ ബ്ലോക്ക് പ്രസിഡന്റ് ടീ വി ചാർളി ഉൽഘാടനം നിർവഹിച്ചു ജോസഫ് ചാക്കോ, വിജയൻ ഇളേയേടത്, ബീവി അബ്ദുൾകരീം, ഭരതൻ പൊന്തെക്കണ്ടത്,യൂത്ത് കോൺഗ്രസ് ഇരിഞ്ഞാലക്കുട നിയോജക മണ്ഡലം പ്രസിഡന്റ് സനൽ കല്ലുകാരൻ, മണ്ഡലം ഭാരവാഹികളായ സിജു യോഹന്നാൻ, തോമസ് കോട്ടൊള്ളി, എ സി സുരേഷ്, കുര്യൻ ജോസഫ്,കൗൺസിലർമാരായ ജെയ്സൺ പാറെക്കാടൻ, ജസ്റ്റിൻ ജോൺ, മിനി ജോസ് ചാക്കോള, ഒ എസ് അവിനാശ്, ധർമ്മരാജൻ സത്യൻ തേനാഴികുളം, സന്തോഷ് അലുക്ക,ഷെല്ലലി മുട്ടത്ത്,വിനു ആന്റണി,നിതിൻ ടോണി എന്നിവർ നേതൃത്വം കൊടുത്തു ബൂത്ത് പ്രസിഡന്റ് മാർ,ബ്ലോക്ക് ഭാരവാഹികൾ മണ്ഡലം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു

മാതൃഭാഷ ദിനത്തിൽ കുട്ടികളോടൊപ്പം ആടിയും പാടിയും സെമിനാർ നയിച്ച് ഒരധ്യാപകൻ

മറ്റം: ഫെബ്രുവരി 21 ലോക മാതൃഭാഷ ദിനത്തിൽ കണ്ടാണശ്ശേരി എക്സൽപിയർ എൽ പി സ്കൂളിൽ വിദ്യാർത്ഥികളോടൊപ്പം പാട്ടുപാടിയും കഥകൾ പറഞ്ഞു ശ്ലോകം ചൊല്ലിയും മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ പി.ജെ സ്റ്റൈജു വേറിട്ട മാതൃകയായി. ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ അക്ഷരശുദ്ധി വളർത്തുക എന്ന ലക്ഷ്യം വെച്ച് സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും വ്യക്തതയോടെ ഉച്ചരിക്കാൻ ചാർട്ടുകളുടെ സഹായത്തോടെ ഉച്ചാരണ സഹിതം അദ്ദേഹം ക്ലാസെടുത്തു. അക്ഷരശ്ലോകങ്ങൾ ഹൃദ്യസ്ഥമാക്കി ഭാഷാ പഠനത്തിന് കൂടുതൽ ഊർജ്ജം നൽകണമെന്ന് കുട്ടികളെ അദ്ദേഹം ഉദ്ബോധിപ്പിച്ചു പ്രധാനാധ്യാപിക പി.കെ ലില്ലി മാതൃഭാഷ ദിനം ഉദ്ഘാടനം ചെയ്തു. അധ്യാപകരായ ലീന, എയ്ഞ്ചൽ, ധന്യാ, സജ്ന എന്നിവർ ഭാഷാ ദിന സന്ദേശം നൽകി. ഭാഷക്കും ദേശത്തിനും പ്രാധാന്യം നൽകി കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നേടിയ കോവിലൻ എന്ന എഴുത്തുകാരൻ പ്രാഥമിക വിദ്യാഭ്യാസം നേടിയ എക്സൽപിയർ എൽ പി സ്കൂളിൽ മാതൃഭാഷ ദിനത്തിൽ അവിടുത്തെ കുട്ടികളോട് സംവദിക്കാൻ സാധിച്ചത് തന്റെ അധ്യാപനജീവിതത്തിലെ വലിയ ഭാഗ്യമായി കരുതുന്നു എന്ന് 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫീസർ കൂടിയായ മേജർ പി.ജെ സ്റ്റൈജു അഭിപ്രായപ്പെട്ടു.

വിദ്യാർത്ഥികളായ ഹലൻ, അലൻദേവ് നിവേദ്,നിരഞ്ജൻ അമേഹ് എന്നിവർ മാതൃഭാഷ ദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി സെമിനാറിനുശേഷം മാതൃഭാഷാഭിമാന പ്രതിജ്ഞയും ഉണ്ടായിരുന്നു.

കെ. എസ്. ആർ. ടി. സി സബ്ബ് ഡിപ്പോക്ക് എന്ത് സംഭവിച്ചുവെന്ന്: കേരള കോൺഗ്രസ്

ഇരിങ്ങാലക്കുട : യു. ഡി. എഫ് സർക്കാരിന്റെ കാലത്ത് അന്നത്തെ എം. എൽ. എ യായിരുന്ന തോമസ് ഉണ്ണിയാടന്റെ ശ്രമഫലമായി 2014-2015 ലെ ബജറ്റിൽ പ്രഖ്യാപിച്ചതും അന്നത്തെ ഗതാഗതവകുപ്പ് മന്ത്രി പൊതുസമ്മേളനത്തിൽ അറിയിക്കുകയും ചെയ്ത ഇരിഞ്ഞാലക്കുട കെ. എസ്. ആർ. ടി. സി സബ്ബ് ഡിപ്പോയുടെ പ്രവർത്തനം ഇപ്പോൾ എവിടെ എന്ന് കേരള കോൺഗ്രസ്?

ഇരിങ്ങാലക്കുട കെ. എസ്. ആർ. ടി. സി സ്റ്റേഷനോടുള്ള സംസ്ഥാന സർക്കാരിന്റെയും കെ എസ് ആർ ടി സി മാനേജ്മെന്റിന്റെയും അവഗണനക്കെതിരെ ഇരിങ്ങാലക്കുട മുനിസിപ്പൽ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ധർണ്ണയിലാണ് കേരളകോൺഗ്രസ് ഈ ചോദ്യം ഉന്നയിച്ചത്. 2016 മാർച്ച് 1 ന് ഗുരുവായൂർ ഇൻസ്പെക്ടർ ആയിരുന്ന പോൾ മെല്ലിറ്റിനെ എ ടി ഒ ആയി പ്രമോഷൻ നൽകി ഇരിങ്ങാലക്കുട സബ്ബ് ഡിപ്പോയിലേക്ക് നിയമിച്ച് സബ്ബ് ഡിപ്പോയെ പ്രാബല്യത്തിൽ ആക്കിയതും ഇരിങ്ങാലക്കുട കെ. എസ്. ആർ. ടി. സിയുടെ ഉയർച്ചക്കുവേണ്ടിയായിരുന്നുവെന്ന് ഇടതുപക്ഷ എം. എൽ. എമാരും ഇടതുപക്ഷ മന്ത്രിസഭയും എന്തെ മനസ്സിലാക്കാത്തതെന്ന് കേരള കോൺഗ്രസ് ചോദിച്ചു. കൂടാതെ കേരളത്തിലെ മഹാഭരതക്ഷേ ത്രങ്ങളിലൊന്നായ ശ്രീ കൂടൽമാണിക്യക്ഷേത്രത്തിലേക്ക് ദൂരദേശങ്ങളിൽ നിന്നും ദർശനത്തിനെത്തുന്ന ഭക്തരുടെ ഏക അത്താണി കൂടിയാണ് ഈ കെ. എസ്. ആർ. ടി. സി ബസ്സ് സ്റ്റേഷൻ.

കേരള കോൺഗ്രസ്ഇരിങ്ങാലക്കുട മുനിസിപ്പൽ മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പി. ടി. ജോർജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് മുഖ്യപ്രഭാഷണം നടത്തി. നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, ജില്ലാ ജനറൽ സെക്രട്ടറിമാരായ സേതുമാധവൻ, സിജോയ് തോമസ്,നിയോജക മണ്ഡലം വൈസ് പ്രസിഡന്റ്മാരായ സതീഷ്. കെ, എ. ഡി. ഫ്രാൻസിസ്,മണ്ഡലം ഭാരവാഹികളായ ലാസർ കോച്ചേരി, എം. എസ്. ശ്രീധരൻ മുതിരപറമ്പിൽ, ലാലു വിൻസെന്റ്, ലിംസി ഡാർവിൻ, റാണി കൃഷ്ണൻ, ലില്ലി തോമസ്, ആർതർ വിൻസെന്റ്, വിവേക് വിൻസെന്റ്, ദീപക് അയ്യൻചിറ, രഞ്ജോ. കെ. ജെ, ജോയൽ ജോയ്, യോഹന്നാൻ കേമ്പനക്കൻ, നോഹ് എന്നിവർ പ്രസംഗിച്ചു.

നിര്യാതനായി

ഏറത്ത് വാസു

ഗുരുവായൂർ - മഹാരാജാസ് ടൂറിസ്റ്റ് ഹോമിന് പിൻവശം ഏറത്ത് വാസു (86) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 4മണിക്ക് ഗുരുവായൂർ ക്രിമിറ്റോറിയത്തിൽ. ഭാര്യ: മല്ലിക. മകൻ : സജി, ശാലിനി.

മഹത്തായ ഗ്രാമങ്ങൾ സൃഷ്ടിക്കാൻ യുവ പ്രതിഭകൾ മുന്നോട്ട് വരണം

പെരുമ്പിലാവ് :-വരും പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഒരു ജനാധിപത്യ കർമ്മ സാക്ഷാത്കാരത്തിന് മഹത്തായ ഗ്രാമങ്ങൾ സൃഷ്ടിക്കാനായി യുവ പ്രതിഭകൾ മുന്നോട്ടുവരണമെന്ന് മുസ്ലിംലീഗ് ദേശീയ സമിതി അംഗം കരീം പന്നിത്തടം ആവശ്യപ്പെട്ടു.മുസ്ലിം ലീഗ് പള്ളിക്കുളം മേഖല കമ്മിറ്റി സംഘടിപ്പിച്ച തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പ് മുന്നൊരുക്ക സായാഹ്ന ശില്പശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മുസ്ലീംലീഗ് പള്ളിക്കുളം മേഖല പ്രസിഡന്റ് കെ.എം. മൊയ്തു ഹാജി അദ്ധ്യക്ഷത വഹിച്ചു.മുസ്ലീംലീഗ് കുന്നംകുളം മണ്ഡലം ജനറൽ സെക്രട്ടറി ഗഫൂർ പള്ളിക്കുളം മുഖ്യപ്രഭാഷണം നടത്തി.ദുബായ് കെ.എം.സി.സി. കുന്നംകുളം പ്രതിനിധി സൈഫുദ്ദീൻ മരത്തംകോട് മുഖ്യാതിഥിയായിരുന്നു. മുസ്ലീംലീഗ് കടവല്ലൂർ ജനറൽ സെക്രട്ടറി അബു മുസ്ലിയാർ,എം.എസ്.എഫ് തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി ടി. കെ.ഷെഫീഖ്, പള്ളിക്കുളം മേഖല സെക്രട്ടറി ഉസ്മാൻ പള്ളിക്കുളം,അർഷാദ് പള്ളിക്കുളം,ജാബിർ കാര്യാട്ട്,അജ്സൽ ഗഫൂർ എന്നി